**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3046** **01-03-2023 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ തീരദേശ ഹൈവേ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ തീരദേശ ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ വലിയപറമ്പ പാലം മുതൽ പന്നിക്കുന്ന് വരെയുള്ള 58 കി.മി. ഭാഗമാണ് തീരദേശ ഹൈവേ പദ്ധതിയിൽ ഉൾപ്പെടുന്നത്. ഇതിൽ വലിയപറമ്പ പാലത്തിന്റെ 59.92 കോടി രൂപയുടെ ഡി.പി.ആർ 03.12.2022-ൽ സാമ്പത്തികാ നുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന് കിഫ്ബി 28.01.2023 ൽ സാങ്കേതിക അവലോകന റിപ്പോർട്ട് നൽകിയിട്ടുണ്ട്. കിഫ്ബി അപ്രൈസൽ നടപടികൾ പൂർത്തിയാക്കി, സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>വലിയപറമ്പ പാലത്തിന് ശേഷം പന്നിക്കുന്ന് വരെയുള്ള ബാക്കി ഭാഗത്തിന്റെ എൽ.എ പ്ലാൻ, ഡി.പി.ആർ എന്നിവ തയ്യാറാക്കുന്നത് IDECK എന്ന കൺസൾട്ടൻസി സ്ഥാപനമാണ്. പ്രസ്തുത ഏജൻസി തയ്യാറാക്കിയ ലാൻഡ് അക്വിസിഷൻ പ്ലാൻ കിഫ്ബിയിൽ സമർപ്പിക്കുകയും, ആയത് കിഫ്ബിയുടെ 21- മത് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വച്ച് അനുമതി നേടുകയും ചെയ്തു. തുടർന്ന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയും, 6(1) നോട്ടിഫിക്കേഷൻ 19/07/2022 ൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത ഭാഗത്തെ കല്ലിടൽ പ്രവൃത്തികൾ പ്രാരംഭഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ, പാലങ്ങളുടെ നിർമ്മാണം എന്നിവ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (ബി) | കാസർഗോഡ് ജില്ലയിലെ വലിയപറമ്പ പാലം മുതൽ പന്നിക്കുന്ന് വരെയുള്ള 58 കി.മി. ഭാഗമാണ് തീരദേശ ഹൈവേ പദ്ധതിയിൽ ഉൾപ്പെടുന്നത്. ഇതിൽ വലിയപറമ്പ പാലത്തിന്റെ 59.92 കോടി രൂപയുടെ ഡി.പി.ആർ 03.12.2022-ൽ സാമ്പത്തികാ നുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന് കിഫ്ബി 28.01.2023 ൽ |

| | | | |
|---|---|---|---|
| | | | സാങ്കേതിക അവലോകന റിപ്പോർട്ട് നൽകിയിട്ടുണ്ട്. കിഫ്ബി അപ്രൈസൽ നടപടികൾ പൂർത്തിയാക്കി, സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>വലിയപറമ്പ പാലത്തിന് ശേഷം പന്നിക്കുന്ന് വരെയുള്ള ബാക്കി ഭാഗത്തിന്റെ എൽ.എ പ്ലാൻ, ഡി.പി.ആർ എന്നിവ തയ്യാറാക്കുന്നത് IDECK എന്ന കൺസൾട്ടൻസി സ്ഥാപനമാണ്. പ്രസ്തുത ഏജൻസി തയ്യാറാക്കിയ ലാൻഡ് അക്വിസിഷൻ പ്ലാൻ കിഫ്ബിയിൽ സമർപ്പിക്കുകയും, ആയത് കിഫ്ബിയുടെ 21- മത് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വച്ച് അനുമതി നേടുകയും ചെയ്തു. തുടർന്ന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയും, 6(1) നോട്ടിഫിക്കേഷൻ 19/07/2022 ൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത ഭാഗത്തെ കല്ലിടൽ പ്രവൃത്തികൾ പ്രാരംഭഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ